**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 21.02.2025

# കൈക്കൂലി കേസിൽ മുൻ കൊമേഴ്സ്യൽ ടാക്സ് ഓഫീസറെ കഠിന തടവിന് ശിക്ഷിച്ചു.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് കൊമേഴ്സ്യൽ ടാക്സ് ഓഫീസിലെ മുൻ കൊമേഴ്സ്യൽ ടാക്സ് ഓഫീസറായിരുന്ന എം.പി.രാധാകൃഷ്ണൻ 5,000/- രൂപ കൈക്കൂലി വാങ്ങവേ കണ്ണൂർ വിജിലൻസ് യൂണിറ്റ് കയ്യോടെ പിടികൂടിയ കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി 3 വർഷം കഠിന തടവിനും 50,000/-പിഴ ഒടുക്കുന്നതിനും ഇന്ന് (21.02.2025) തലശ്ശേരി വിജിലൻസ് കോടതി ശിക്ഷിച്ചു.

2011 കാലഘട്ടത്തിൽ തളിപ്പറമ്പ് സ്വദേശിയായ പരാതിക്കാരൻ തന്റെ സ്വകാര്യ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതിന് തളിപ്പറമ്പ് കൊമേഴ്സ്യൽ ടാക്സ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. കൊമേഴ്സ്യൽ ടാക്സ് ഓഫീസറായിരുന്ന എം.പി.രാധാകൃഷ്ണൻ സ്ഥാപനത്തിന്റെ കണക്കുകൾ പരിശോധിച്ച് നികുതി സ്വീകരിക്കുന്നതിന് 25,000 രൂപ കൈക്കൂലി ആവശ്യപ്പെട്ടു. അതിൽ ആദ്യ ഗഡുവായ 5,000/- രൂപ കൈക്കൂലി വാങ്ങവേ കണ്ണൂർ വിജിലൻസ് യൂണിറ്റ് കയ്യോടെ പിടികൂടി രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ എം.പി.രാധാകൃഷ്ണൻ കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. വിവിധ വകുപ്പുകളിലായി ആകെ 3 വർഷം കഠിന തടവിനും 50,000/-രൂപ പിഴ ഒടുക്കുന്നതിനുമാണ് തലശ്ശേരി വിജിലൻസ് കോടതി ഇന്ന് (21.02.2025) ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. രാമകൃഷ്ണനാണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. ഉഷാകുമാരി.കെ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.